## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2696** **07.12.2018**-ൽ മറുപടിയ്ക്ക്

### പിന്നാക്ക സമുദായങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പുതുതായി രൂപീകരിക്കുന്ന കെ.എ.എസ്.-ൽ പട്ടികജാതി /പട്ടികവർഗ്ഗ / പിന്നോക്ക സമുദായങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന സാമുദായിക സംവരണം ഉറപ്പുവരുത്തുവാൻ വേണ്ടി വകുപ്പിന്റെ ഭാഗത്ത് നിന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ വിശദവിവരം നൽകുമോ; | (എ) & (ബി) | കെ.എ.എസ് ചട്ടങ്ങൾ പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നിയമനം മൂന്ന് വിഭാഗങ്ങളായാണ് നടത്തുന്നത്. സ്ട്രീം-I-ൽ നേരിട്ടുള്ള നിയമനവും സ്ട്രീം-II, III എന്നിവയിൽ ബൈട്രാൻസ്ഫർ (തസ്തികമാറ്റം) വഴിയുള്ള നിയമനവുമാണ് കെ.എ.എസ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. നേരിട്ടുള്ള നിയമനത്തിന് KS&SSR റൂൾ 14-17 വരെയുള്ള പൊതുസംവരണതത്വങ്ങൾ ബാധകമാണ്. തസ്തികമാറ്റം വഴി നിയമനം നടത്തുന്ന സ്ട്രീം-II, III എന്നീ വിഭാഗങ്ങളിൽ സംവരണം ബാധകമല്ല. സ്ട്രീം-II-ൽ ഒ.ബി.സി വിഭാഗക്കാർക്ക് 3 വർഷം വരെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പരമാവധി 5 വർഷം വരെയും പ്രായത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഭരണ വകുപ്പ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പാണ്. |
| (ബി) | കെ.എ.എസ്.-ലെ സ്ട്രീം 2, സ്ട്രീം 3 റിക്രൂട്ട്മെന്റുകൾക്ക് സാമുദായിക സംവരണം അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ